# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 329 — 06/01/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയ്ക്കുള്ള പ്രത്യേക പാക്കേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ കുട്ടശിശുമരണങ്ങളെ തുടർന്ന് സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാക്കേജുകളാണ് പ്രഖ്യാപിച്ചത്; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരുന്നില്ല. അതേസമയം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ നടന്നതിനെ തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.04.2013. 22.05.2013, 05.08.2013, 20.12.2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ അടിയന്തിരമായി നടപ്പാക്കേണ്ട കാര്യങ്ങൾ തീരുമാനിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | പ്രഖ്യാപിച്ച ഓരോ പാക്കേജും അട്ടപ്പാടിയിൽ നടപ്പിലാക്കി തുടങ്ങിയോ; എങ്കിൽ ആയതിന്റെ നിലവിലെ വിശദാംശങ്ങൾ നൽകുമോ; | (സി) | അട്ടപ്പാടിയിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പാക്കിയ പരിപാടികളുടെ സമാഹൃത റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം - 1) |
| (ഡി) | അട്ടപ്പാടിയിലെ ശിശുമരണങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാ പാക്കേജുകളാണ് പ്രഖ്യാപിച്ചത്; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഡി) | വിശദമായ മറുപടി ഉള്ളടക്കം ചെയ്യുന്നു **(അനുബന്ധം-2)** |

| | | | |
|---|---|---|---|
| (ഇ) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഓരോ പാക്കേജും അട്ടപ്പാടിയിൽ നടപ്പാക്കി തുടങ്ങിയോ; എങ്കിൽ ആയതിന്റെ നിലവിലെ വിശദാംശങ്ങൾ ലഭ്യ മാക്കുമോ; | (ഇ) | വിശദമായ മറുപടി ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം-3) |
| (എഫ്) | കേന്ദ്ര സംസ്ഥാന പാക്കേജുകൾ അട്ടപ്പാടിയിൽ നടപ്പാക്കുന്നതിന് മേൽ നോട്ടം വഹിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് റിട്ട. പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എസ്. സുബ്ബയ്യ. ഐ.എ.എസ്. നേയും, അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ് കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളുടെ നിർവ്വഹണ മേൽ നോട്ടത്തിനായി ഡോ. സീമ ഭാസ്കറെ നിയമിച്ചു. ടി പദ്ധതികളുടെ ഏകോപനത്തിനായി കേന്ദ്ര ഗ്രാമ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദ്, ഐ.എ.എസ്. നെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

R.V

**സെക്ഷൻ ഓഫീസർ**

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്